# KERALA POLICE INFORMATION CENTRE

No. 25/PR/PIC/PHQ/09 Date 23.12.09

## വിദേശ രാജ്യങ്ങളിൽ ജോലി തേടി പോകുന്ന ഇന്ത്യാക്കാരുടെ ഇമിഗ്രേഷൻ ക്ലിയറൻസിനെ സംബന്ധിച്ച പൊതുവിവരങ്ങൾ

വിദേശത്ത് തൊഴിൽ തേടി പോകുന്ന ഇന്ത്യാക്കാരുടെ പൊതുനന്മയ്ക്കും അവരുടെ ക്ഷേമത്തിനും ഊന്നൽ നൽകി ക്രമീകരിച്ചിട്ടുള്ള ഒരു നിയമമാണ് ഇമിഗ്രേഷൻ ആക്ട് 1983. ഒരു ഇന്ത്യൻ പൗരൻ വിദേശത്ത് തൊഴിലിനായി (ഒരു ധാരണയോടെയോ അല്ലാതെയോ രജിസ്റ്റർ ചെയ്ത ഒരു റിക്രൂട്ടിംഗ് ഏജന്റിന്റെയോ തൊഴിൽ ദാതാവിന്റെയോ സഹായത്താലോ അല്ലാതെയോ) പോകുന്നതിനെയാണ് ഇമിഗ്രേഷൻ എന്ന് നിർവചിച്ചിരിക്കുന്നത്. കേന്ദ്രപ്രവാസികാര്യ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രൊട്ടക്ടർ ഓഫ് ഇമിഗ്രന്റ് ഡിപ്പാർട്ട്മെന്റിനാണ് ഇമിഗ്രേഷൻ ചട്ടങ്ങൾ നടപ്പിൽ വരുത്തുന്നതിനുള്ള അധികാരം. പ്രൊട്ടക്ടർ ജനറൽ ഓഫ് ഇമിഗ്രന്റിന്റെ കീഴിൽ ഡെൽഹി, കൊച്ചി, മുംബൈ, തിരുവനന്തപുരം, ചെന്നൈ, ചണ്ഢിഗഡ്, കൊൽക്കത്ത, ഹൈദ്രാബാദ് എന്നീ സ്ഥലങ്ങളിൽ പ്രൊട്ടക്ടർ ഓഫ് ഇമിഗ്രന്റ് ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്.

ഇമിഗ്രേഷൻ ചട്ടപ്രകാരം ഇമിഗ്രേഷൻ ചെക്ക് ആവശ്യമുള്ളതും ഇല്ലാത്തതുമായി രണ്ട് വിഭാഗമായി ആൾക്കാരെ തരംതിരിച്ചിരിക്കുന്നു. നാമെടുക്കുന്ന പാസ്പോർട്ടുകളിൽ ഇത് വ്യക്തമായി രേഖപ്പെടുത്തി യിരിക്കും. ഇമിഗ്രേഷൻ ചെക്ക് ആവശ്യമുണ്ട് എന്ന് രേഖപ്പെടുത്തി നൽകിയിട്ടുള്ള പാസ്പോർട്ടുകാർക്ക് വിദേശത്ത് തൊഴിലിനല്ലാതെ പോകുന്നതിന് ഇമിഗ്രേഷൻ ചെക്ക് 01.10.07-ന് ശേഷം ആവശ്യമില്ലാത്തതാണ്. ഇമിഗ്രേഷൻ നിയമം 22-ാം വകുപ്പ് പ്രകാരം വിദേശത്ത് പോകുന്ന എല്ലാ ഇന്ത്യൻ പൗരൻമാർക്കും ഇമിഗ്രേഷൻ ക്ലിയറൻസ് വേണമെന്ന് അനുശാസിക്കുന്നുണ്ടെങ്കിലും 13 തരം വിഭാഗക്കാരെ വിദേശത്ത് തൊഴിലിനായി പോകുന്നതിന് ഇമിഗ്രേഷൻ ക്ലിയറൻസിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ഒഴിവാക്കിയിട്ടുള്ള വിഭാഗക്കാരെപ്പറ്റി പാസ്പോർട്ടിനായുള്ള അപേക്ഷാഫാറത്തിനോടൊപ്പം ഉള്ള നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തി യിട്ടുണ്ട്.

വിദേശത്ത് തൊഴിൽ തേടി പോകുന്നവരുടെ ക്ഷേമവും തൊഴിൽപരമായ സുരക്ഷിതത്വവും താല്പര്യങ്ങളും പൂർണ്ണമായും സംരക്ഷിക്കപ്പെടണം എന്ന് ഉറപ്പ് വരുത്തുന്നതിന് വേണ്ടിയാണ് പ്രൊട്ടക്ടർ ജനറൽ ഓഫ് ഇമിഗ്രന്റ് വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ള റിക്രൂട്ടിംഗ് ഏജന്റുമാരുടെ സേവനം ലഭ്യമാക്കിയി ട്ടുള്ളത്. മുൻകൂട്ടിയുള്ള അനുമതിയില്ലാതെ വിദേശത്തേയ്ക്ക് ഉദ്യോഗാർത്ഥികളെ തിരെഞ്ഞെടുത്ത് അയയ്ക്കുവാൻ പാടില്ലാത്തതാണ്. അംഗീകൃത റിക്രൂട്ടിംഗ് ഏജന്റുമാർക്ക് ഉദ്യോഗാർത്ഥികളിൽ നിന്നും നാമമാത്രമായ സർവ്വീസ് ചാർജ്ജ് ഈടാക്കുന്നതിന് കേന്ദ്രസർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഓരോ ജോലിയ്ക്കും നിശ്ചയിച്ചിട്ടുള്ള മാസ വേതനം കണക്കാക്കി ഒന്നര മാസത്തെ ശമ്പളമോ പരമാവധി 20,000/- രൂപയോ മാത്രമേ സർവ്വീസ് ചാർജായി റിക്രൂട്ടിംഗ് ഏജന്റുമാർക്ക് വാങ്ങുന്നതിന് അനുവാദമുള്ളു. റിക്രൂട്ടിംഗ് ഏജന്റുമാർ നിർബന്ധമായും വിപുലമായ പരസ്യത്തോടുകൂടി മാത്രമെ വിദേശത്തേയ്ക്ക് തൊഴിലാളികളെ റിക്രൂട്ട് ചെയ്യാൻ പാടുള്ളു. മാത്രമല്ല അവരുടെ രജിസ്ട്രേഷൻ നമ്പർ പരസ്യത്തിൽ ഉൾപ്പെടു ത്തിയിരിക്കേണ്ടതുമാണ്.

The contents of this documents may be deemed to be based on received information which is subject to further verification.